ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 28.07.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന്.

   **Prime Minister Narendra Modi to share his thoughts in Mann Ki Baat programme on Akashvani today.**

2. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ കൂട്ടായ ശ്രമങ്ങളിലൂടെ വികസിത ഭാരതം 2047 എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says, collective efforts of Centre and States will lead to realise vision of Viksit Bharat at 2047.**

3. പാരീസ് ഒളിമ്പിക്സിൽ ഇന്ത്യക്ക് വിജയ തുടക്കം ; സ്വർണ്ണ പ്രതീക്ഷയുമായി ഷൂട്ടിങ് താരം മനു ഭാകർ ഇന്നിറങ്ങും.

   **India gets off to a winning start in Paris Olympics; Indian Shooter Manu Bhaker will compete today targeting Gold Medal.**

4. ഭീകരതയെ ചെറുക്കാനും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാനും രാജ്യങ്ങൾ കരുത്തു നേടണമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

   **External Affairs Minister Dr. S. Jaishankar calls for robust action to combat terrorism and cybercrime.**

5. 2025 മാർച്ച് 30ന് സമ്പൂർണ്ണ ശുചിത്വ കേരളം പ്രഖ്യാപനം നടത്താൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ.
**The State Govt aims to transform Kerala into a garbage-free state by March 2025.**

**********************************

# HEADLINE-1
# MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11ന്. മൻ കി ബാത്തിന്റെ 112-ാം പതിപ്പാണിത്. ദൂരദർശന്റെയും ആകാശവാണിയുടെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

************************************

# PREZ - GOVERNOR APPOINTMENT

രാജ്യത്തെ ഒൻപത് സംസ്ഥാനങ്ങളിൽ പുതിയ ഗവർണർമാരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് രാഷ്ട്രപതി ഭവൻ പുറത്തിറക്കി. രാജസ്ഥാൻ, തെലങ്കാന, സിക്കിം, ജാർഖണ്ഡ്, ഛത്തീസ്ഗഡ്, മേഘാലയ, മഹാരാഷ്ട്ര, പഞ്ചാബ്, അസം, പുതുച്ചേരി എന്നിവിടങ്ങളിലാണ് പുതിയ ഗവർണർമാരെ നിയമിച്ചത്. ഹരിഭാവു കിസൻ റാവു ബാഗ്ഡെയാണ് രാജസ്ഥാൻ ഗവർണർ. ജിഷ്ണു ദേവ് വർമയെ തെലങ്കാന ഗവർണറായും ഓം പ്രകാശ് മാത്തൂറിനെ സിക്കിമിലും സന്തോഷ് കുമാർ ഗാങ്വാറിനെ ഝാർഖണ്ഡിലും രമൺ ദേകയെ ഛത്തീസ്ഗഢിലും ഗവർണറായി നിയമിച്ചു. മേഘാലയ ഗവർണറായി സി.എച്ച്. വിജയശങ്കറിനെയും, മഹാരാഷ്ട്രയിൽ സി.പി. രാധാകൃഷ്ണനെയും നിയമിച്ചു. ഗുലാബ് ചന്ദ് കഠാരിയയെ പഞ്ചാബ് ഗവർണറായും ചണ്ഡീഗഢ് അഡ്മിനിസ്ട്രേറ്ററായും

നിയമിച്ചു. ലക്ഷ്മൺ പ്രസാദ് ആചാര്യയാണ് അസം ഗവർണർ. ഇദ്ദേഹത്തിന് മണിപ്പുർ ഗവർണറുടെ അധികച്ചുമതലയും നൽകിയിട്ടുണ്ട്. മലയാളിയായ കെ. കൈലാഷ് നാഥനാണ് പുതുച്ചേരിയുടെ പുതിയ ലെഫ്റ്റനന്റ് ഗവർണർ.

***********************************

## HEADLINE-2

## NITI AYOG

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ കൂട്ടായ ശ്രമങ്ങളിലൂടെ വികസിത ഭാരതം 2047 എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നിതി ആയോഗിന്റെ 9-ാം ഭരണസമിതി യോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ മോദി. നിലവിലെ സാങ്കേതികവും ഭൗമരാഷ്ട്രീയപരവുമായ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്നും അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് അനുകൂലമായ നയങ്ങൾ രൂപപ്പെടുത്തണമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാനുള്ള യാത്രയിലാണ് രാജ്യം. വികസിത ഭാരതത്തിനായി നൈപുണ്യം, ഗവേഷണം, നൂതനാശയം, തൊഴിലധിഷ്ഠിത വിജ്ഞാനം എന്നിവയ്ക്ക് ഊന്നൽ നൽകണമെന്നും ശ്രീ മോദി പറഞ്ഞു.

***********************************

## HEADLINE-3

## OLYMPICS - RESULT

പാരീസ് ഒളിമ്പിക്സിന്റെ ഉദ്ഘാടന ദിനത്തിൽ നടന്ന വിവിധ മത്സരങ്ങളിൽ വിജയ തുടക്കത്തോടെ ഇന്ത്യൻ താരങ്ങൾ. ആദ്യ പൂൾ-ബി മത്സരത്തിൽ, ഇന്ത്യൻ പുരുഷ ഹോക്കി സംഘം, ന്യൂസിലൻഡിനെ 3-2 ന് പരാജയപ്പെടുത്തി. ബാഡ്മിന്റൺ

പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ, ആദ്യ റൌണ്ട് മത്സരം വിജയിച്ചു. ബാഡ്മിന്റൺ ഡബിൾസിൽ, ചിരാഗ് ഷെട്ടി-സാത്വിക്സായിരാജ് രങ്കിറെഡ്ഡി സഖ്യം ആദ്യ ഗ്രൂപ്പ് ഘട്ട മത്സരത്തിൽ മികച്ച വിജയം നേടി. പുരുഷ സിംഗിൾസ് ടേബിൾ ടെന്നീസ് പ്രാഥമിക റൗണ്ടിൽ ഇന്ത്യയുടെ ഹർമീത് ദേശായി വിജയിച്ചു. റോവിങ്ങിൽ ഇന്ത്യയുടെ ബൽരാജ് പൻവാർ പുരുഷന്മാരുടെ സിംഗിൾ സ്കൾസ് ഇനത്തിൽ നാലാം സ്ഥാനത്തോടെ റെപ്പെഷാജ് റൗണ്ടിലെത്തി. വനിതകളുടെ 54 കിലോഗ്രാം ബോക്സിംഗ് വിഭാഗത്തിൽ ഇന്ത്യയുടെ പ്രീതി പവാർ, പ്രീക്വാർട്ടറിൽ പ്രവേശിച്ചു.

***********************************

## HEADLINE-3a

## OLYMPICS – SCHEDULE

പാരീസ് ഒളിമ്പിക്സിൽ സ്വർണ്ണ പ്രതീക്ഷയുമായി ഇന്ത്യയുടെ ഷൂട്ടിങ് താരം മനു ഭാകർ ഇന്നിറങ്ങും. ഇന്ന് വൈകിട്ട് വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ ഫൈനലിൽ ഇന്ത്യയുടെ മനു ഭാകർ മത്സരിക്കും. വനിതകളുടെ അമ്പെയ്ത്ത് ക്വാർട്ടർ ഫൈനലിൽ ദീപിക കുമാരി, അങ്കിത ഭകത്, ഭജൻ കൗർ എന്നിവരടങ്ങിയ ത്രയം സെമി ഫൈനൽ യോഗ്യത ലക്ഷ്യമിട്ടാണ് ഇന്ന് മത്സരിക്കുന്നത്. ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ, രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവായ പി. വി. സിന്ധുവും പുരുഷ സിംഗിൾസിൽ എച്ച്. എസ്. പ്രണോയ്-യും ഇന്ന് കളത്തിലിറങ്ങും. പാരീസ് ഒളിമ്പിക്സിലെ ഇന്ത്യയുടെ ഏറ്റവും പ്രായം കുറഞ്ഞ അത്‌ലറ്റ് ധിനിധി ദേസിംഘും ഇന്ന് 200 മീറ്റർ ഫ്രീസ്റ്റൈൽ നീന്തലിൽ മത്സരിക്കും.

***********************************

## OLYMPICS - INDIA HOUSE INTRO

ഒളിമ്പിക്സിനോട് അനുബന്ധിച്ച് പാരീസിൽ "ഇന്ത്യ ഹൗസിന്" തുടക്കമായി. ഇന്ത്യൻ അത്‌ലറ്റുകളെ പ്രോത്സാഹിപ്പിക്കാനും താരങ്ങളുടെ പ്രകടനങ്ങൾ ഉയർത്താനും ലക്ഷ്യമിട്ടാണ് ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷനും റിലയൻസ് ഫൗണ്ടേഷനും സംയുക്തമായി " ഇന്ത്യ ഹൌസ്" ഉദ്ഘാടനം ചെയ്തത്.

**കൂടുതൽ വിശേഷങ്ങളുമായി പാരീസിൽ നിന്നും ആകാശവാണി വാർത്തകൾക്ക് വേണ്ടി വി.ശിവകുമാർ........**

(വോയിസ്)

*************************************

## WOMEN ASIA CUP

ഏഷ്യാ കപ്പ് - വനിതാ ടി-20 ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും. സെമി ഫൈനലിൽ ഇന്ത്യ ബംഗ്ലാദേശിനെയും ശ്രീലങ്ക പാകിസ്ഥാനെയും തോൽപ്പിച്ചിരുന്നു. വൈകിട്ട് മൂന്നിന് ശ്രീലങ്കയിലെ ദംബുള്ളയിലാണ് ഫൈനൽ.

*************************************

## INDIA-SRI LANKA-T20

ശ്രീലങ്കയിൽ നടക്കുന്ന ഇന്ത്യ-ശ്രീലങ്ക ടി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് ജയം. 43 റൺസിനാണ് ആതിഥേയരായ ശ്രീലങ്കയെ ഇന്ത്യ പരാജയപ്പെടുത്തിയത്. രണ്ടാം മത്സരം ഇന്ന് രാത്രി 7 മണിക്ക് നടക്കും.

*************************************

## HEADLINE-4

## JAISHANKAR-ASEAN

പൊതുവിഭവങ്ങളുടെയും ആഗോള ചരക്കുനീക്കത്തിന്റെയും സുരക്ഷിതത്വം ഉറപ്പാക്കാൻ അന്താരാഷ്ട്ര സഹകരണത്തിന് മാത്രമേ കഴിയൂ എന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ലാവോസിൽ 31-ാമത് ആസിയാൻ മേഖലാ ചർച്ചാവേദിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭീകരതയെ അതിന്റെ എല്ലാ അർത്ഥത്തിലും ചെറുക്കാനും ഭീകര സങ്കേതങ്ങളും ധനസഹായ ശൃംഖലകളും തകർക്കാനും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാനും രാജ്യങ്ങൾ കരുത്തു നേടണമെന്നും വിദേശകാര്യ മന്ത്രി പറഞ്ഞു.

************************************

## NEW UNESCO - HERITAGE SITES

ലോക പൈതൃക സ്ഥലങ്ങളുടെ എണ്ണത്തിൽ, ആഗോളതലത്തിൽ ആറാം സ്ഥാനത്തെത്തി ഇന്ത്യ. അസമിലെ മൊയ്ദാംസ് ആണ് രാജ്യത്തെ 43-ാമത് ലോക പൈതൃക ഇടമായി പട്ടികയിലെത്തിയത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന 46-ാമത് ലോക പൈതൃക സമ്മേളനത്തിൽ, 25 പുതിയ സ്ഥലങ്ങൾ കൂടി ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയാതായി യുനെസ്കോ പ്രഖ്യാപിച്ചു. ജപ്പാനിലെ സാഡോ ഐലൻഡ് ഗോൾഡ് മൈൻസ്, തായ്ലൻഡിലെ ഫു ഫ്രാബത്ത് ഹിസ്റ്റോറിക്കൽ പാർക്ക്, ദക്ഷിണാഫ്രിക്കയിലെ നെൽസൺ മണ്ടേല പൈതൃക ഇടങ്ങൾ, തുടങ്ങി വിവിധ സ്ഥലങ്ങളാണ് പുതുതായി ലോക പൈതൃകപട്ടികയിൽ ഇടം പിടിച്ചത്.

************************************

## HEADLINE-5

## CM MEETING (INTRO)

2025 മാർച്ച് 30ന് സമ്പൂർണ്ണ ശുചിത്വ കേരളം പ്രഖ്യാപനം നടത്താൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ. വരുന്ന ഗാന്ധിജയന്തി ദിനത്തിലാരംഭിച്ച് 2025 മാർച്ച് 30 അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെ നീണ്ടുനിൽക്കുന്ന വിപുലമായ 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കാനുള്ള തീരുമാനത്തിന് ഇന്നലെ ചേർന്ന സർവ്വകക്ഷിയോഗം പൂർണപിന്തുണ അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്......**

(വോയിസ്)

*മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ സംസ്ഥാന, ജില്ലാ, പ്രദേശിക തലങ്ങളിൽ സൃഷ്ടിച്ച മാതൃകകൾ ഉദ്ഘാടനം ചെയ്ത് കൊണ്ടാണ് ക്യാമ്പെയിൻ ആരംഭിക്കുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, കൃത്യമായി തരംതിരിക്കൽ, ജൈവ മാലിന്യങ്ങളും ദ്രവമാലിന്യങ്ങളും ഉറവിടത്തിൽ സംസ്കരിക്കൽ, അജൈവ പാഴ് വസ്തുക്കൾ ഹരിതകർമസേനകൾ വഴി കൈമാറൽ മുതലായ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തും. കക്കൂസ് മാലിന്യ സംസ്ക്കരണത്തിന് ആവശ്യമായ പ്ലാൻറുകൾ സ്ഥാപിക്കണം. ജലസ്രോതസും നീർച്ചാലുകളും ശുദ്ധീകരിക്കണം. പരിശോധനകൾ കാര്യക്ഷമമാക്കുകയും ആവശ്യമായ ഇടങ്ങളിൽ നിർമ്മിത ബുദ്ധി അധിഷ്ഠി ക്യാമറകൾ സ്ഥാപിക്കുകയും ചെയ്യും. നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ സംസ്ഥാനത്തേക്ക് കടത്തുന്നില്ലെന്ന് ഉറപ്പാക്കാൻ അതിർത്തികളിലും ചെക്ക്പോസ്റ്റുകളിലും പരിശോധന കർശനമാക്കും. കടകളിലും വ്യാപാര സ്ഥാപനങ്ങളിലും നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ ഇല്ലെന്ന് ഉറപ്പാക്കും. നിയമലംഘനം കണ്ടെത്തിയാൽ കർശന നടപടിയുണ്ടാകും.*

*എല്ലാ പൊതുപരിപാടികളും ഹരിത നിയമാവലി പൂർണമായും പാലിച്ച് നടത്താൻ സഹകരിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. മാലിന്യ നിർമ്മാർജനത്തിന് തടസ്സമാകുന്ന നിരോധിത വസ്തുക്കൾ ഉൽപാദിപ്പിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കാൻ കർശന സംവിധാനം വേണമെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.* ***ന്യൂസ്ഡെസ്ക് ആകാശവാണി....***

***********************************

## KARNATAKA-SHIRUR

കർണാടകത്തിലെ ഷിരൂരിൽ ഉണ്ടായ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനെ കണ്ടെത്താനുള്ള ശ്രമം തുടരുന്നു. പ്രാദേശിക മുങ്ങൽ വിദഗ്ധനായ ഈശ്വർ മാൽപെയുടെ നേതൃത്വത്തിലുള്ള സംഘം ഇന്നലെ തെരച്ചിൽ നടത്തിയിരുന്നു. പ്രാദേശിക മത്സ്യത്തൊഴിലാളികളടക്കം നിരവധി പേർ തിരച്ചിലിൽ പങ്കാളികളാണ്.

***********************************

## WEATHER - KERALA

കേരളത്തിലും ലക്ഷദ്വീപിലും അടുത്ത ദിവസങ്ങളിൽ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. അഞ്ചു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നിലവിലുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*

******************

***************************************************